I/83454/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തലശ്ശേരി താലൂക്ക്-വേങ്ങാട് ഗ്രാമപഞ്ചായത്ത്-പടുവിലായി വില്ലേജ്- റീ.സ.നമ്പർ 62/206, 62/207 പെട്ട സ്ഥലത്ത് ഗ്രൂപ്പ് എ1 ഗണത്തിൽ പെടുന്ന വാസഗൃഹനിർമ്മാണത്തിന് ഭൂവുപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ശ്രീ.ജിതേഷ്.കെ.എം, പദ്മജാലയം, കൊയിലോട്, ശങ്കരനെല്ലൂർ. പി.ഒ-670643 എന്നവർ 30/11/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1321/2022-C തീയതി 20-01-2023**

---

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ , പടുവിലായി വില്ലേജിൽ റി. സ. നമ്പർ 62/206, 62/207 ൽ സ്ഥിതി ചെയ്യുന്ന 5230 ച . മീ വിസ്തൃതിയുള്ള പ്ലോട്ടിൽ നിലവിലുള്ള ഗ്രൂപ്പ് ഐ ഗണത്തിൽ ഉൾപ്പെടുന്ന ഒരു എൽ.പി.ജി ഗോഡൗൺ(132.17 ച.മീ), ഗ്രൂപ്പ് ജി1 ഗണത്തിൽ ഉൾപ്പെടുന്ന ഓയിൽ മിൽ(62.26 ച.മീ), ഗ്രൂപ്പ് എ1 ഗണത്തിൽ ഉൾപ്പെടുന്ന വാസഗൃഹം(141.66 ച.മീ) രണ്ടു ഷെഡുകൾ, ഒരു ബാത്ത് റൂം എന്നിവയ്ക്ക് പുറമെ ഗ്രൂപ്പ് എ1 ഗണത്തിൽ പെടുന്ന 267.54 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹനിർമ്മാണത്തിന് (ഗ്രൗണ്ട് ഫ്ലോർ-167.80 ച.മീ+ ഫസ്റ്റ് ഫ്ലോർ-99.74 ച.മീ) ലേ ഔട്ട് അനുമതിക്കായി ശ്രീ.ജിതേഷ്.കെ.എം, പദ്മജാലയം, കൊയിലോട്, ശങ്കരനെല്ലൂർ. പി.ഒ-670643 എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KPBR-2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ .
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ചു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളെല്ലാം അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. നിർമ്മാണം KPBR-2019-നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
5. KPBR-2019 ചട്ടം 76(1),(2),(3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, മഴ വെള്ള സംഭരണ സംവിധാനം, urban forestry എന്നിവ പ്ലോട്ടിൽ ഏർപ്പെടുത്തേണ്ടതാണ്.
6. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനാൽ KPBR 2019 ലെ ചട്ടം 95(4) പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കികൊണ്ട് ടി കെട്ടിടം ക്രമവൽക്കരിക്കേണ്ടതാണ്.

എൽ. എ നമ്പർ 02/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

I/83454/2023

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കു ന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനു സൃതമായ നിർമ്മാണവികസന അനുമതി/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം .ആരംഭിക്കാൻ പാടുള്ളൂ

Signed by
Ravikumar.p
Date: 20-01-2023 14:52:26

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, വേങ്ങാട് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1)ശ്രീ.ജിതേഷ്.കെ.എം, പദ്മജാലയം, കൊയിലോട്, ശങ്കരനെല്ലൂർ. ,പി.ഒ-670643 2)ഫയൽ
3) കരുതൽ ഫയൽ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
കണ്ണൂർ - 670 002
തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്